63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 643 Participant Code: 304.

## മാതൃഭാഷയുടെ വികാസം എന്റെ കാഴ്ച്ചപ്പാടിൽ....

ഏതൊരു വ്യക്തിയുടെയും സ്വകാര്യാഭിമാനമാണ് അവരുടെ മാതൃഭാഷ. കേരളീയരായ നമ്മളെ സംബന്ധിച്ചിടത്തോളം നമ്മുടെ മാതൃഭാഷ 'മലയാളമാണ്'. ഒരു നാടിന്റെ വളർച്ചയെ തന്നെ സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമാണ് മാതൃഭാഷയുടെ വികാസം. ഇതിലൂടെ മാത്രമേ ഒരു നാടിന് പൂർണ്ണമായ പുരോഗതി കൈവരിക്കാനാവൂ...

### മധുരമൂറുന്ന മലയാളം.

ഇന്ത്യയിൽ കേരള സംസ്ഥാനത്തിലും, ഭാഗികമായി കേന്ദ്രഭരണപ്രദേശമായ പോണ്ടിച്ചേരിയുടെ ഭാഗമായ മാഹിയിലും, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലും, നീലഗിരി ജില്ലയിലെ ഗൂഡല്ലൂർ താലൂക്കിലും, ആൻഡമാൻ ആന്റ് ആൻട് നിക്കോബാർ ഐലന്റിലും സംസാരിക്കുന്ന ഒരു ഭാഷയാണ് മലയാളം.

ദ്രാവിഡ ഭാഷാ ഗോത്രത്തിലാണ് മലയാളം

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ഉൾപ്പെടുന്നത്. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാപദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. 2013 മെയ് 23 ന് കൂടിയ ~~കേ~~ കേന്ദ്രസഭയാണ് മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നൽകാൻ തീരുമാനിച്ചത്. 'ക്ലാസ്സിക്കൽ ലാംഗ്വേജ്' എന്ന പദവിയാണ് നൽകിയത്.

എന്നും കേൾക്കാൻ മധുരമുള്ളതും കാണാൻ ഇംഭമുള്ളതുമാണ് നമ്മുടെ മലയാളം. അതിന്റെ മഹത്വം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്.

"ഏതൊരു ഭാഷയെയും ശ്രേഷ്ഠമാക്കുന്നത് അത് സംസാരിക്കുന്നവരുടെ ~~ആത്മാഭിമ~~ ആത്മാഭിമാനമാണ്. മലയാളം ഞങ്ങളുടെ ആത്മാഭിമാനത്തിന്റെ ഭാഷയാണ്."

- ടി. പത്മനാഭൻ.

ഒരുവന് തന്റെ മാതൃഭാഷ വ്യക്തമായി സംസാരിക്കാൻ കഴിയണമെങ്കിൽ അവന് ആ ഭാഷയോട് സ്നേഹമുണ്ടാകണം. അത് അവന്റെ അഭിമാനമാകണം. നമ്മുടെ ആത്മാഭിമാനത്തിന്റെ ഭാഷയാകണം മലയാളം.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാം കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 643 Participant Code: 304

# മലയാള ഭാഷയുടെ പ്രാധാന്യം.

മലയാള ഭാഷയുടെ പിതാവായ എഴുത്തച്ഛനിലൂടെയാണ് നമ്മുടെ ഭാഷയുടെ കീർത്തി ഉയരാൻ തുടങ്ങിയത്. പിന്നീടങ്ങോട്ട് എത്ര കവികളും, കഥാകാരന്മാരും, നോവലിസ്റ്റുകളുമെല്ലാം പിറവിയെടുത്തു. ഒരു മാതൃഭാഷയുടെ പ്രാധാന്യം നിർണ്ണയിക്കുന്നത് അത് സംസാരിക്കുന്നവരുടെ കാഴ്ചപ്പാടാണ്. എന്റെ കാഴ്ചപ്പാടിൽ മലയാളം എന്നും എന്റെ മനസ്സിന്റെ ഭാഷയാണ്. മറ്റു ബന്ധങ്ങളെക്കാൾ എല്ലാം ദൃഢമാണ് ഒരു അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധമല്ലേ. അത്രയ്ക്ക് ദൃഢമായത് തന്നെയാണ് ഒരു വ്യക്തിയും അയാളുടെ മാതൃഭാഷയും തമ്മിലുള്ള ബന്ധം. എത്ര കാലങ്ങൾ കഴിഞ്ഞാലും നമ്മുടെ പെറ്റമ്മയെ മറക്കാത്തതുപോലെ ഒരിക്കലും നമ്മുടെ നാവിൻത്തുമ്പിൽ നിന്ന് മലയാളം മാഞ്ഞുപോകില്ല. നമ്മുടെ ഭാഷയെ സംരക്ഷിക്കേണ്ടതും

അതിന്റെ പ്രാധാന്യം നിലനിർത്തേണ്ടതും കേരളീയരായ നമ്മുടെ ഉത്തരവാദിത്വമാണ്.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 643 Participant Code: 304

# മലയാളത്തിന്റെ വികാസം.

ഒരുപാട് വളർന്നിരിക്കുന്ന ഒരു ഭാഷ തന്നെയാണ് മലയാളം. ഇന്ന് ലോകത്ത് 4.75 കോടി ജനങ്ങളാണ് മലയാളം സംസാരിക്കുന്നത്. അത്രയ്ക്ക് നമ്മുടെ ഭാഷ വികസിച്ചിരിക്കുന്നു. ഏതു നാട്ടിൽ ചെന്നാലും മലയാളി ആണെന്ന് പറയുന്നത് ഒരു അഭിമാനമാണ്. ഇന്ന് നമ്മുടെ നാട്ടിലേക്ക് കുടിയേറി-വരുന്ന അതിഥി തൊഴിലാളികൾ വരെ മലയാളം നല്ല സ്പുടതയോടെ സംസാരിക്കുന്നു.

ഈ വികാസത്തിന് കാരണം മലയാളം സംസാ-രിക്കുന്ന നമ്മളും മലയാളത്തിൽ എഴുതുന്ന രചനാകാരന്മാരുമാണ്. ഒരു ഭാഷ സംസാരിക്കുക-യും ആ ഭാഷയിൽ എഴുതുകയും ചെയ്യുമ്പോൾ മാത്രമേ ആ ഭാഷ വികസനം കൈവരിക്കുകയുള്ളൂ.

" മലയാളം പഠിച്ചൊരാൾക്ക് ഏത് ലോക-സാഹിത്യവും പഠിച്ചെടുക്കാനാവും. അത്രയ്ക്ക് അധികമാണ് അതിന്റെ സമ്പത്ത്."

\- എസ്. കെ. പൊറ്റക്കാട്.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

5/1/2025 Item Code: 643 Participant Code: 304.

എവിടെപ്പോയാലും മലയാളി ~~ത~~ എന്ത് പ്രശ്നങ്ങളുണ്ടായാലും അത് ~~അക്കി~~ അതിജീവിച്ച് അവിടെ പിടിച്ചുനിൽക്കും. മലയാള ഭാഷയുടെ വികാസത്തിലൂടെ നമ്മുടെയും, നമ്മുടെ സംസ്ഥാനത്തിന്റെയും, രാജ്യത്തിന്റെയുമെല്ലാം വികസനമുണ്ടാകുന്നു.

ഇത്രയേറെ വികസനങ്ങൾ ഉണ്ടെങ്കിലും നമ്മുടെ ഭാഷയും ചില വെല്ലുവിളികൾ നേരിടുന്നു.

## ആധുനികലോകവും മലയാളവും.

സാങ്കേതിക വിദ്യകളുടെ പിന്നാലെ പാഞ്ഞുകൊ- ~~ണ്ടിരിക്കുന്ന~~ ണ്ടിരിക്കുകയാണ് ഇന്നത്തെ ലോകം. മാതൃഭാഷയ്ക്കോ, രക്തബന്ധത്തിനോ, മാനുഷികമൂല്യങ്ങ-ൾക്കോ ഒന്നും ഇന്നത്തെ ആധുനിക ലോകം പ്രാധാ-ന്യം നൽകുന്നില്ല.

ഇന്നത്തെ സമൂഹത്തിൽ സാഹിത്യത്തിനുള്ള പ്രസക്തി കുറയുന്നു. നമ്മുടെ ചിന്താഗതിയിലുള്ള പ്രശ്നമാണ് ആധുനികലോകത്തിൽ മലയാളത്തിന്റെ പ്രാധാന്യം കുറഞ്ഞുവരുന്നതിനുള്ള കാരണം.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 643 Participant Code: 304.

# കൃത്രിമ ബുദ്ധിയിൽ അടിസ്ഥാനമാക്കിയ സാഹിത്യം.

21-ാം നൂറ്റാണ്ടിൽ ലോകം കൈവരിച്ച ഏറ്റവും ശ്രദ്ധേയമായ പുരോഗതിയാണ് കൃത്രിമ ബുദ്ധി അഥവാ AI. പക്ഷേ ഇതിന് ഗുണങ്ങളെക്കാൾ ദോഷങ്ങ-ളാണുള്ളത്.

ഒരു മനുഷ്യന്റെ ഉള്ളിൽ നിന്നു വരുന്നതാണ് സാഹിത്യം. അപൂർവ്വം ചിലർക്ക് മാത്രമുള്ള കഴിവ്. ഒരു പേനയും പേപ്പറുമായി ഇരുന്ന് ദിവസങ്ങളോ-ളം കഷ്ടപ്പെട്ടാണ് ഒരു നല്ല കൃതി പിറവിയെടുക്കു-ന്നത്. എന്നാലിന്ന് ഏതു തരത്തിലുമുള്ള കഥകളും, കവിതകളും, ആസ്വാദനങ്ങളും എന്നിങ്ങനെയെല്ലാം AI നിർമ്മിച്ചുകൊടുക്കുന്നു. ഇതിലൂടെ യഥാർത്ഥ സാഹിത്യത്തിന്റെ പ്രാധാന്യം കുറയുന്നു. ഒരു ആശയം ടൈപ്പ് ചെയ്ത് നൽകിയാൽ നമുക്ക് വേണ്ടതെല്ലാം AI നിർമ്മിച്ചുനൽകുന്നു. പക്ഷേ ഇത് മനുഷ്യന്റെ സർഗ്ഗാത്മകതയ്ക്ക് വലിയ വെല്ലുവിളിയാണ്.

അതിനാൽ തന്നെ വികസനമെല്ലാം നല്ലതാണ്.

പഴമ കൃത്യമായവഴിയിൽ അടിസ്ഥാനമാക്കിയുള്ള വികസനം നമുക്ക് ദോഷങ്ങൾ മാത്രമേ സമ്മാനിക്കുകയുള്ളൂ. ഒരു മഷിത്തുള്ളിയിലൂടെ വികസിക്കേണ്ടതാണ് സാഹിത്യം. നമ്മുടെ മലയാള ഭാഷയും അങ്ങനെയാണ് വികസിച്ചുവന്നത്. ഇനിയുള്ള കാലത്തും അങ്ങനെ തന്നെയാവണം.

## ആഘോഷങ്ങളിൽ ഒതുങ്ങുന്ന മാതൃഭാഷാദിനം.

എന്നും ആഘോഷിക്കേണ്ട ഒന്ന് തന്നെയാണ് നമ്മുടെ മാതൃഭാഷ. മാതൃത്വം അഥവാ അമ്മയുടെ സ്നേഹം അടങ്ങിയതാണ് നമ്മുടെ മാതൃഭാഷ. അമ്മയെ പരിപാലിക്കുന്ന അതേ കരുതലോടെ നമ്മുടെ മാതൃഭാഷയെ നമ്മൾ പരിപാലിക്കണം. എല്ലാ വർഷവും മലയാളം ഒരു ദിവസത്തെ ആഘോഷങ്ങളിലേക്കു ഒതുങ്ങിപ്പോകുന്നു. ഒരു വർഷത്തിലെ എല്ലാ ദിനവും നമ്മൾ മലയാളികൾക്ക് മാതൃഭാഷാദിനമാകണം. വെറും ആഘോഷങ്ങളിൽ മാത്രം ഒതുങ്ങേണ്ട

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 304

ഒന്നല്ലത്. ആ ഒരു ദിനം മാത്രമേ മലയാളത്തെ അനുസ്മരിക്കുകയും സ്നേഹിക്കുകയും മാത്രം പോരാ. എന്നും അതായത് ദിനംപ്രതി മലയാളത്തെ സ്നേഹിക്കുന്ന ഒരു വികാരം നമ്മുക്കുണ്ടാകണം.

മാതൃഭാഷയുടെ ശോഷണം.

നമ്മുടെ നാവിൻ തുമ്പിൽ നിന്നും ഒരിക്കലും നമ്മുടെ മാതൃഭാഷ മായുകയില്ല. എന്നാലിന്നത്തെ പുതിയ തലമുറ മലയാളത്തെ മറക്കാൻ ശ്രമിക്കുകയാണ്. അവർ ഇംഗ്ലീഷ് ഭാഷയ്ക്ക് മുൻതൂക്കം നൽകുകയാണ്. "എന്റെ കുട്ടിക്ക് മലയാളം അറിയില്ല" എന്ന് പറയുന്നത് ഒരു അഭിമാനമായാണ് ഇന്നത്തെ തലമുറയിലെ പല മാതാപിതാക്കളും കരുതുന്നത്. എന്നാലവർ മറന്ന് പോകുന്ന ഒന്നുണ്ട്. തന്നെ താനാക്കി മാറ്റിയ ഭാഷയെയാണ് അവർ ഇന്ന് മറക്കാൻ ശ്രമിക്കുന്നതെന്ന്. മലയാളം നമ്മുടെ അഭിമാനം

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാം കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 643 Participant Code: 304

ആകണം. ഈ ഒരു ചിന്തയിലൂടെ മാത്രമേ നമ്മുടെ മലയാളത്തിന്റെ പൂർണ്ണ വികസനം കൈവരിക്കാനാവൂ.

## ബോധവൽക്കരണം തുടങ്ങാം കുട്ടികളിൽ നിന്ന്...

ഒരു നാടിന്റെ ഭാവി വാഗ്ദാനമാണ് കുട്ടികൾ. വരും തലമുറയെ സംരക്ഷിക്കേണ്ടവർ. അതിനാൽ തന്നെ അവരിൽ നിന്ന് തന്നെ ബോധവൽക്കരണം ആരംഭിക്കണം.

മലയാള ഭാഷയുടെ പ്രാധാന്യവും അവ പഠിക്കേണ്ട ആവശ്യകതയെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കണം. ഒരിക്കലും തന്റെ മാതൃഭാഷയെ മറന്ന് ജീവിക്കരുതെന്ന് അവർ മനസ്സിലാക്കണം. മലയാളം പഠിക്കുന്നത് നമ്മുടെ പാരമ്പര്യത്തോടുള്ള ആദരവാണെന്നവർ തിരിച്ചറിയണം. ഇന്നത്തെ അറിവുകൾ വരും തലമുറകളിലേക്ക് പകർന്നാൽ മാത്രമേ നമ്മൾ ആഗ്രഹിക്കുന്നതുപോലൊരു വികസനം

ഉണ്ടാകും.

## ഇ. റീഡിങ്

പണ്ട് പുസ്തകങ്ങളുമായി ഇടപഴകി വായിച്ചിരുന്നവർ ഇന്ന് മൊബൈൽ ഫോണുകളിലേക്ക് വായന മാറ്റിയിരിക്കുന്നു. എത്ര പേജുകളുള്ള പുസ്തകങ്ങളും നിസ്സാരമായി മൊബൈൽ ഫോണുകളിൽ ഒതുങ്ങിയിരിക്കുന്നു. ഒരുപാട് തിരക്കുള്ള ഇന്നത്തെ വ്യക്തികൾക്ക് മൊബൈൽ ഫോണിലൂടെയുള്ള വായനയാണ് സൗകര്യം.

ഇന്ന് പേപ്പറിൽ വിരിയുന്നതിലും കൂടുതൽ സൃഷ്ടികൾ മൊബൈൽ സ്ക്രീനുകളിൽ വിരിയുന്നു. പേപ്പറും പേനയുമെടുത്ത് എഴുതാനവർക്ക് മടിയാകുന്നു. സാഹിത്യ സൃഷ്ടികൾ ഓൺലൈൻ സൃഷ്ടികളായി മാറിക്കൊണ്ടിരിക്കുന്നു. ഇ. റീഡിങ് എല്ലാം നല്ലതാണ്. പക്ഷെ അത് പുസ്തകങ്ങളെ മറന്നാകരുത്. നമ്മുടെ ഭാഷയുടെ വികസനം നല്ല പുസ്തകങ്ങളിലൂടെയാണ് ഉണ്ടാകുന്നത്.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 304.

5/1/2025

എന്റെ കാഴ്ചപ്പാടിൽ മലയാള ഭാഷയ്ക്ക് ഒരുപാട് വികാസങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും അത്രമേൽ തന്നെ ശോഷണ ഭീഷണികളും നമ്മുടെ മാതൃഭാഷ നേരിടുന്നുണ്ട്.

ഇന്ന് ലോകത്ത് വിവിധയിടങ്ങളിലും നമ്മുടെ ഭാഷയ്ക്ക് പ്രശസ്തിയുണ്ട്. അതിന് കാരണം നമ്മൾ നൽകുന്ന ആദരവാണ്. എന്നാൽ ഈ ആദരവ് ഇല്ലാതായാലോ? അതെ നമ്മുടെ ഭാഷ തന്നെ ഇല്ലാതാകും. ഒരു ഭാഷയുടെ പ്രാധാന്യം അത് സംസാരിക്കുന്നവരുടെ ആത്മാഭിമാനത്തിലാണ് നിലകൊള്ളുന്നത്.

നമ്മൾ നൽകുന്ന പ്രാധാന്യമേ മറ്റൊരാളും നമ്മുടെ ഭാഷയ്ക്ക് നൽകൂ. എഴുത്തച്ഛന്റെ കാലത്തിൽ നിന്ന് നോക്കുകയാണെങ്കിൽ അനേകം വികാസങ്ങൾ നമ്മുടെ ഭാഷ കൈവരിച്ചിട്ടുണ്ട്. ഇനിയുള്ള കാലത്തും നമ്മുടെ ഭാഷ ഇങ്ങനെ തന്നെ മുന്നോട്ട് പോകണം.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 643 Participant Code: 304

നമ്മുടെ മലയാളത്തിനുള്ള മറ്റൊരു പ്രത്യേകതയാണ് "കാലത്തിനനുസരിച്ചുള്ള രചനാശൈലി" യാതൊരു കാലത്തെയും സാമൂഹിക സ്ഥിതിക്കനുസരിച്ചുള്ള രചനകൾ മലയാളത്തിൽ പിറവിയെടുത്തുകൊണ്ടിരിക്കുന്നു.

എന്നാൽ AI പോലുള്ള പുതിയ സാങ്കേതികവിദ്യകൾ നമ്മുടെ മലയാള സാഹിത്യത്തിന് ഒരു ഭീഷണിയായേക്കാം.

ഇനിയും ഒരുപാട് മുന്നേറ്റങ്ങൾ നമ്മുടെ മലയാളം കൈവരിക്കാനുണ്ട്. ആ മുന്നേറ്റങ്ങൾ എല്ലാം കൈവരിക്കണമെങ്കിൽ നാം നമ്മുടെ ഭാഷയെ അത്രയധികം ബഹുമാനത്തോടെ, സ്നേഹത്തോടെ നെഞ്ചോട് ചേർത്ത് നിർത്തണം.

എന്നും നമ്മുടെ നാവിൽ മാധുര്യമൂറുന്ന അമ്മമധുരമായി നമ്മുടെ മലയാളം നിലനിൽക്കട്ടെ. ഇനി വരുന്ന തലമുറയും നമ്മുടെ മലയാളത്തെ വികസനങ്ങളിലേക്ക് ഉയർത്തിക്കൊണ്ടുപോകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.......